KSEB
കേരളത്തിന്റെ ഊർജ്ജം

# KERALA STATE ELECTRICITY BOARD LIMITED

*(Incorporated under Companies Act, 1956 )* **CIN: U40100KL2011SGC027424**
*Registered Office*: Vydyuthi Bhavanam, Pattom, Thiruvananthapuram - 695 004 Website: www.kseb.in

Vydyuthi Bhavanam, Pattom, Thiruvananthapuram - 695 004, Kerala, India.
Phone:(O) +91 471 2514283 E-mail: dgekseb@kseb.in


No. DGE/circular/2019-2020

Dated: 19-03-2020

## പരിപത്രം

വിഷയം: വൈറസ് ജന്യ രോഗമായ "കോവിഡ്- 19" -ന്റെ (കൊറോണയുടെ ) സംക്രമണ സാദ്ധ്യത കുറയ്ക്കുവാനും തടസ്സ രഹിതമായി വൈദ്യുതി നൽകുന്നതിനും ഉപഭോക്താക്കൾക്ക് ഉണ്ടാകാനിടയുള്ള ബുദ്ധിമുട്ടുകൾ ലഘൂ കരിക്കുന്നതിനും ഉള്ള മുൻകരുതൽ നടപടികൾ നടപ്പാക്കുന്നത് – സംബന്ധിച്ച്

സൂചന: 1. 12-03-2020 –ൽ സെക്രട്ടറി(ഭരണം)പുറപ്പെടിവിച്ച പി.എസ്.1(എ)/ID Cards/2011 നമ്പർ പരിപത്രം

2. 18-03-2020 –ലെ സർക്കാർ ഉത്തരവ് നം.എസ്.എസ്.1/50/2020/പോ.ഭ.വ.

സംസ്ഥാനത്ത് "കോവിഡ്- 19" രോഗ ബാധയെത്തുടർന്ന് നിലനിൽക്കുന്ന സാഹചര്യം കണക്കിലെടുത്ത് രോഗവ്യാപനം തടയുന്നതിനും തടസ്സ രഹിതമായി വൈദ്യുതി നൽകുന്നതിനും ഉപഭോക്താക്കൾക്ക് ഉണ്ടാകാനിടയുള്ള ബുദ്ധിമുട്ടുകൾ ലഘൂ കരിക്കുന്നതിനും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

### ഉത്പാദന /പ്രസരണ മേഖലകൾ

1. വൈദ്യുതനിലയങ്ങളിൽ /ഗ്രിഡ് സബ്സ്റ്റേഷനുകളിൽ ജോലിക്ക് ഹാജരാകുന്ന ഓഫീസ് / ഓപ്പറേഷൻ & മെയിന്റനൻസ് വിഭാഗങ്ങളിൽപ്പെട്ട ജീവനക്കാർക്ക് കൊറോണ ബാധയുടെ ലക്ഷണങ്ങൾ ഇല്ല എന്ന് ഉറപ്പുവരുത്തേണ്ടാതാണ്. എല്ലാ വൈദ്യുതനിലയങ്ങളുടെയും/ ഗ്രിഡ് സബ്സ്റ്റേഷനുകളുടെയും പ്രവേശന കവാടങ്ങളിലും ,നിലയങ്ങൾക്കുള്ളിലും അണുവിമുക്തമാക്കുന്നത്തിനുള്ള സാധനസാമഗ്രികളായ സോപ്പ്,വെള്ളം, സാനിട്ടിസർ, മാസ്ക് എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തേണ്ടതാണ്.
2. ഏതൊരു അടിയന്തിരഘട്ടത്തിലും വൈദ്യുതോൽപ്പാദനം/പ്രസരണം തടസ്സപ്പെടാത്ത രീതിയിൽ ഓപ്പറേഷൻ & മെയിന്റനൻസ് വിഭാഗങ്ങളിൽപ്പെട്ട ജീവനക്കാരുടെ സേവനം ലഭ്യമാകുന്ന തരത്തിലുള്ള ക്രമീകരണങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്,ഇതിനായി, അവശ്യമെന്നു കണ്ടാൽ സമീപകാലത്ത് കെ.എസ്.ഇ..ബി.ലിമിറ്റഡ്—ൽ നിന്നും വിരമിച്ച ജീവനക്കാരുടെ സേവനം തേടാവുന്നതാണ്.
3. നിലവിലെ സാഹചര്യം കണക്കിലെടുത്തുകൊണ്ട് ,എല്ലാ വൈദ്യുതനിലയങ്ങളിലും/ ഗ്രിഡ് സബ് സ്റ്റേഷനുകളിലും അടിയന്തിര സ്വഭാവമുള്ള ജോലികൾ മാത്രം നടത്തിക്കൊണ്ടും മറ്റ് ജോലികൾ തല്ക്കാലത്തേക്ക് മാറ്റിവച്ചുകൊണ്ടും ക്രമീകരിക്കേണ്ടതാണ്.
4. എല്ലാ വൈദ്യുതനിലയങ്ങളിലെയും/ ഗ്രിഡ് സബ്സ്റ്റേഷനുകളിലേയും കണ്ട്രോൾറൂം , ഓപ്പറേഷൻ & മെയിന്റനൻസ് വിഭാഗങ്ങളിൽപ്പെട്ട ജീവനക്കാർ എന്നിവരുടെ ഓഫീസും പരിസരവും നിശ്ചിത ഇടവേളകളിൽ,പ്രത്യേകിച്ചും ഷിഫ്റ്റ് ക്രൂ മാറുന്ന സമയത്ത് കർശനമായും അണുവിമുക്തമാക്കേണ്ടതാണ്.
5. എല്ലാ വൈദ്യുതനിലയങ്ങളിലെയും/ ഗ്രിഡ് സബ്സ്റ്റേഷനുകളിലേയും ഓപ്പറേഷൻ & മെയിന്റനൻസ് വിഭാഗങ്ങളിൽപ്പെട്ട ജീവനക്കാർ പൊതു യാത്രാസംവിധാനങ്ങൾ കഴിവതും ആശ്രയിക്കാതെ, അത്യാവശ്യമല്ലാത്ത യാത്രകൾ ഒഴിവാക്കിക്കൊണ്ട് അതതു നിലയങ്ങളിൽ ലഭ്യമായ താമസസൌകര്യങ്ങൾ പ്രയോജനപ്പെടുത്തി സ്റ്റേഷനിൽത്തന്നെ തുടരേണ്ടതാണ്. -
6. ജീവനക്കാർ കൂടിച്ചേരുന്ന പരിപാടികൾ നിർബ്ബന്ധമയി ഒഴിവാക്കുന്നതോടൊപ്പം കെ.എസ്.ഇ..ബി.ലിമിറ്റഡ്-ന്റെ അധീനതയിലുള്ള റിക്രിയേഷൻ ക്ലബ്ബുകൾ/ ക്രെഷുകൾ /ജിമ്മുകൾ തുടങ്ങിയവയുടെ പ്രവർത്തനം നിർത്തിവക്കേണ്ടതാണ്.
7. എല്ലാ വൈദ്യുതനിലയങ്ങളിലെയും / ഗ്രിഡ് സബ്സ്റ്റേഷനുകളിലേയും ഓപ്പറേഷൻ & മെയിന്റനൻസ് വിഭാഗങ്ങളിൽപ്പെട്ട ജീവനക്കാർ പൊതു പരിപാടികളിലും ചടങ്ങുകളിലും പങ്കെടുക്കുന്നത് കഴിവതും ഒഴിവാക്കേണ്ടതാണ് .
8. വൈദ്യുതനിലയങ്ങളിൽ / സബ്സ്റ്റേഷനുകളിൽ/ വൈദ്യുതി ഭവനുകളിൽ സന്ദർശകരെ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.
9. അടിയന്തിര ഘട്ടങ്ങളിൽ ചികിത്സ ലഭ്യമാക്കുന്നതിലേക്കായി അടുത്തുള്ള ആശുപത്രി/പ്രാഥമികാരോഗ്യ കേന്ദ്ര ങ്ങൾ മുതലായവയുടെ സേവനം ഉറപ്പുവരുത്തേണ്ടതാണ്.അതോടൊപ്പം തന്നെ അടിയന്തിര വൈദ്യ സഹായം ലഭ്യമാക്കുന്നതിനയുള്ള വാഹന സൌകര്യവും ഏർപ്പെടുത്തേണ്ടതാണ്..
10. വൈദ്യുതനിലയങ്ങൾ / സബ്സ്റ്റേഷനുകൾ /ഓഫീസുകൾ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കാന്റീൻ/ ഭക്ഷണ ശാലകൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന ഭക്ഷണം /പാനീയം എന്നിവ അണുവിമുക്തമാണെന്ന് ഉറപ്പാക്കേണ്ടതാണ്.

വിതരണ മേഖല

1. എല്ലാ പ്രദേശങ്ങളിലും തടസ്സമേതുമില്ലാതെ വൈദ്യുതി ലഭ്യത ഉറപ്പുവരുത്തേണ്ടതാണ്. തടസ്സരഹിത വൈദ്യുതി വിതരണം ഉറപ്പുവരുത്തുന്നതിനായുള്ള നടപടികൾ എല്ലാ ഓഫീസ് അധികാരികളും സ്വീകരിക്കേണ്ടതാണ്. ഇതിനായി പ്രത്യേക സംവിധാനങ്ങൾ എന്തെങ്കിലും ഒരുക്കേണ്ടതായോ , മുൻകരുതലുകൾ സ്വീകരിക്കേണ്ടതായോ ഉണ്ടെങ്കിൽ ഔദ്യോഗിക അംഗീകാരങ്ങൾക്കു കാത്തുനിൽക്കാതെ തന്നെ അവ ചെയ്യേണ്ടതാണ്.
2. കോവിഡ് -19 സംശയിക്കുന്ന ആളുകൾ പാർക്കുന്ന ഭവനങ്ങളിലും പ്രതിരോധവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിലും തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കാൻ സവിശേഷ ശ്രദ്ധ ഉണ്ടായിരിക്കേണ്ടതാണ്.
3. ബഹു: കേരള മുഖ്യമന്ത്രി മാർച്ച് മാസം 19-ാം തീയതി വിളിച്ചു ചേർത്ത യോഗത്തിൽ എല്ലാത്തരം ലോടെൻഷൻ, ഹൈടെൻഷൻ വൈദ്യുതി ഉപഭോക്താക്കൾക്കും , വൈദ്യുതി ചാർജ് ഒടുക്കുന്നതിനു ഒരു മാസത്തെ സാവകാശം അനുവദിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ മാർച്ച് മാസം 31-ാം തീയതി വരെ, പിഴ കൂടാതെ ബിൽ അടയ്ക്കേണ്ടുന്ന അവസാന തീയതി (ഡ്യൂ ഡേറ്റ്)/ പിഴ കൂടാതെ പണം അടച്ചില്ലെങ്കിൽ വൈദ്യുതി വിച്ഛേദിക്കുന്ന തീയതി (ഡിസ്കണക്ഷൻ ഡേറ്റ്)നൽകിയിട്ടുള്ള വൈദ്യുതി ബില്ലുകൾ ഒടുക്കുന്നതിന് പരമാവധി ഒരു മാസത്തെ സാവകാശം നൽകേണ്ടതാണ്.ഇതിലേക്കായി മാർച്ച് മാസം 31 വരെ ഡ്യൂ ഡേറ്റ്/ ഡിസ്കണക്ഷൻ ഡേറ്റ് നൽകിയിട്ടുള്ള ബില്ലുകളുടെ ഡ്യൂ ഡേറ്റ് ഒരു മാസത്തേയ്ക്ക് നീട്ടി നൽകേണ്ടതാണ്.ഈ കാലയളവിൽ പലിശയോ പിഴയോ ഈടാക്കാൻ പാടില്ലാത്തതാകുന്നു.
4. തടസ്സരഹിത വൈദ്യുതി വിതരണം ഉറപ്പാക്കുന്നതിനുള്ള ജോലികളിൽ കൂടുതൽ ശ്രദ്ധ നൽകുന്നതിനായി , അവശ്യസേവനങ്ങളിൽപ്പെടാത്തതായ ഡെപ്പോസിറ്റ് വർക്കുകൾ, മീറ്റർ മാറ്റിസ്ഥാപിക്കൽ, പരിശോധനകൾ തുടങ്ങിയവ ഇനിയൊരറിയിപ്പുണ്ടാകുംവരെ നീട്ടിവെക്കേണ്ടതാണ്.
5. അടിയന്തര സാഹചര്യങ്ങളിൽ ,അവശ്യ ജോലികൾക്കു നിയോഗിക്കുന്നതിനായി , പരിചയ സമ്പന്നരായ കോൺട്രാക്ട് തൊഴിലാളികളുടെ ഫോൺ നമ്പറും മേൽവിലാസവും ഉൾപ്പെടെയുള്ള ഒരു പട്ടിക ഇലക്ട്രിക്കൽ സർക്കിൾ തലത്തിൽ തയ്യാറാക്കേണ്ടതാണ്. ഈ പട്ടികയിലുള്ളവരെ ആവശ്യം കണ്ടറിഞ്ഞു വേണ്ട മേഖലകളിലേക്ക് നിയോഗിക്കുന്നതിനുള്ള ഉത്തരവാദിത്വം, ബന്ധപ്പെട്ട PMU എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കായിരിക്കും.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിനായി എല്ലാ ജീവനക്കാരുടേയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു.

Sd/-

സെക്രട്ടറി( ഭരണം)

ഉള്ളടക്കം :സൂചന പ്രകാരമുള്ള കത്തുകൾ

പകർപ്പ്: എല്ലാ ചീഫ് എൻജിനീയർമാർക്കും / എല്ലാ ഡെപ്യൂട്ടി ചീഫ് എൻജിനീയർമാർക്കും

എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും / എല്ലാ അക്കൌണ്ട് റെൻഡറിംഗ് യൂണിറ്റുകൾക്കും

കെ.എസ്.ഇ.ബി.ലിമിറ്റഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ടെക്നിക്കൽ അസ്സിസ്റ്റന്റിന്

ഡയറക്ടർ (ഫിനാൻസ്) -ന്റെ ടെക്നിക്കൽ അസ്സിസ്റ്റന്റിന്

ഡയറക്ടർ (ഡി,ഐ.ടി.& എച്ച്.ആർ.എം.)-ന്റെ ടെക്നിക്കൽ അസ്സിസ്റ്റന്റിന്

ഡയറക്ടർ (ടി,എസ്.ഓ.& സേഫ്റ്റി)- യുടെ ടെക്നിക്കൽ അസ്സിസ്റ്റന്റിന്

ഡയറക്ടർ (ജനറേഷൻ -ഇലക്ട്രിക്കൽ & എസ്.സി.എം.)-ന്റെ ടെക്നിക്കൽ അസ്സിസ്റ്റന്റിന്

ഡയറക്ടർ (ജനറേഷൻ -സിവിൽ) -ന്റെ ടെക്നിക്കൽ അസ്സിസ്റ്റന്റിന്

കമ്പനി സെക്രട്ടറി (ഇൻ ചാർജ്)

സെക്രട്ടറി (ഭരണം)

ഫിനാൻഷ്യൽ അഡ്വൈസർ

ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ

ചീഫ് വിജിലൻസ് ഓഫീസർ / ഡെപ്യൂട്ടി ചീഫ് എൻജിനീയർ (ഐ.ടി.)

ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസർ/ ഡെപ്യൂട്ടി സെക്രട്ടറി (ഭരണം)

ഫെയർ കോപ്പി സൂപ്രണ്ട് /റെക്കോർഡ് സെക്ഷൻ /ലൈബ്രറി /സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

ടി.എ. ടു. ഡയറക്ടർ (ജനറേഷൻ -ഇലക്ട്രിക്കൽ & എസ്.സി.എം.)